## പതിമൂന്നാം കേരളനിയമസഭ
## ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 769**     **12/12/2012 ൽ മറുപടിക്ക്**

### കാരുണ്യ ഫാർമസിയിലെ ക്യാൻസർ മരുന്നുകളുടെ സ്റ്റോക്ക്

**ചോദ്യം**
**ശ്രീമതി കെ. എസ്. സലീഖ**

**മറുപടി**
**ശ്രീ. വി.എസ്. ശിവകുമാർ**
**(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | കാരുണ്യ ഫാർമസികളിൽ ക്യാൻസർ മരുന്നുകളുടെ സ്റ്റോക്ക് ഇപ്പോൾ എപ്രകാരമാണുള്ളത് ; | (എ) | നിലവിൽ 107 ഇനം കാൻസർ മരുന്നുകൾ സൌജന്യമായി ഗവൺമെന്റ് ആശുപത്രി വഴി വിതരണം ചെയ്യുന്നതിനാൽ എല്ലാത്തരം കാൻസർ മരുന്നുകളും കാരുണ്യ ഫാർമസികളിൽ സ്റ്റോക്ക് ചെയ്യുന്നില്ല. എന്നിരുന്നാലും 13 കമ്പനികളുടെ ഏകദേശം 67 ഇനം മരുന്നുകൾ കാരുണ്യ ഫാർമസി വഴി 20 മുതൽ 90% വരെ വിലക്കുറവിൽ ലഭ്യമാണ്. |
| (ബി) | സ്റ്റോക്ക് ഉണ്ടെങ്കിലും എന്തുകൊണ്ടാണ് ചില ഡോക്ടർമാർ മെഡിക്കൽ സ്റ്റോറുകളിൽ നിന്നും വിലകൂടിയ ക്യാൻസർ മരുന്ന വാങ്ങാൻ രോഗികളെ പ്രേരിപ്പിക്കുന്നത്; ഇത്തരത്തിൽ നടക്കുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം സംഭവത്തെക്കുറിച്ച് അന്വേഷിക്കുവാനും നടപടി സ്വീകരിക്കുവാനും എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ; | (ബി) | ഇല്ല. എന്നാൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി വിതരണം ചെയ്യുന്ന മരുന്നുകൾ, രോഗതീവ്രതയുടെ അടിസ്ഥാനത്തിൽ ചില ഡോക്ടർമാർ നിർദ്ദേശിക്കുന്നതായി കണ്ടിട്ടുണ്ട്. |
| (സി) | സംസ്ഥാന സർക്കാരിന്റെ ക്യാൻസർ കെയർ പദ്ധതി നടത്തിപ്പ് മന്ദീഭവിച്ച നിലയിലാണെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (സി) | ഇല്ല. ഇന്ന് ഇന്ത്യയിൽ ലഭ്യമായിട്ടുള്ളതിൽ ഏറ്റവും നല്ല ചികിത്സാരീതികളാണ് തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിൽ നടന്നുവരുന്നത്. |

| | | | |
|---|---|---|---|
| (ഡി) | നടപ്പു സാമ്പത്തിക വർഷം ഈ പദ്ധതിയ്ക്കായി എത്ര കോടി രൂപ അനുവദിച്ചു; ആയതിൽ നിന്നും നവംബർ 30 വരെ എത്ര രൂപ ആരോഗ്യ വകുപ്പ് ചെലവഴിച്ചു; നടപ്പു വർഷം എട്ട്മാസം പിന്നിട്ടിട്ടും പകുതി തുക പോലും ചെലവഴിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ ? | (ഡി) | 5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ 350 ലക്ഷം രൂപ മെഡിക്കൽ കോളേജുകളും കാൻസർ സെന്ററുകളും ഇല്ലാത്ത 7 ജില്ലകളിലെ ജില്ലാ/ജനറൽ ആശുപത്രികളിൽ കാൻസർ കെയർ യൂണിറ്റുകൾ ആരംഭിക്കുന്നതിലേക്കായി വകയിരുത്തിയിട്ടുണ്ട്. ഇതിൽ 10 ലക്ഷം രൂപാവീതം 7 ജില്ലകൾക്ക് കാൻസർ കെയർ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള അടിസ്ഥാന സൌകര്യം വികസിപ്പിക്കുന്നതിനായി അനുവദിച്ചുകഴിഞ്ഞു. 280 ലക്ഷം രൂപ കാൻസർ മരുന്നുകൾ വാങ്ങുന്നതിനായി ആർ.സി.സി, എം.സി.സി.യുമായി കരാറിൽ ഏർപ്പെട്ടുവാൻ തീരുമാനിച്ചിട്ടുണ്ട്. തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ ഒരു മാമോഗ്രാഫി മെഷീൻ വാങ്ങുന്നതിന് വേണ്ടി 45 ലക്ഷം രൂപ അനുവദിക്കുകയും ആയത് കെ.എം.എസ്.സി.എൽ മുഖേന വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. മാമോഗ്രാഫി യൂണിറ്റിനുള്ള അടിസ്ഥാന സൌകര്യങ്ങൾ വികസിപ്പിക്കുന്നതിന് വേണ്ടി 5 ലക്ഷം രൂപ തിരുവനന്തപുരം ജനറൽ ആശുപത്രിക്ക് അനുവദിച്ചിട്ടുണ്ട്. കാൻസർ നിർണ്ണയ ക്യാമ്പുകൾ, വദനാർബുധ ക്ലീനിക്കുകൾ, ബോധവൽക്കരണ പ്രവർത്തനങ്ങൾ, കാൻസർ ദിനാചരണം, ട്രെയിനിംഗ് എന്നിവയ്ക്കുള്ള തുക ജില്ലകൾക്ക് അനുവദിച്ചിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ